പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ.4934

27.10.2016-ൽ

മറുപടിക്ക്

## കാസർഗോഡ് ജില്ലയിലെ അംഗീകൃതകടവുകളിൽ നിന്നുള്ള മണലൂറ്റൽ

ചോദ്യം

ശ്രീ.എം.രാജഗോപാലൻ

ഉത്തരം

ശ്രീ. ഇ. ചന്ദ്രശേഖരൻ

(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കണ്ണൂർ ജില്ലയിൽ സ്വീകരിച്ച വരുന്നതു പോലെ കാസർഗോഡ് ജില്ലയിലെ അംഗീകൃത കടവുകളിൽ നിന്നുള്ള മണലൂറ്റൽ ബിനാമി ഇടപെടലുകൾ ഒഴിവാക്കി സർക്കാരിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ നടത്തി തൊഴിലാളികൾക്ക് സ്ഥിരമായ തൊഴിൽ ലഭ്യമാക്കുന്ന തരത്തിലും പരിസ്ഥിതിക്ക് ആഘാതം ഇല്ലാത്ത തരത്തിലും വിഭാവനം ചെയ്യാൻ നടപടികൾ ഉണ്ടാകുമോ; | (എ) | നിലവിലെ നിയമ സംവിധാനത്തിൽ മണൽവാരൽ സുതാര്യമാക്കുന്നതിനുള്ള വ്യവസ്ഥകളുണ്ട് എന്നിരുന്നാലും ഈ വിഷയത്തിൽ കൂടുതൽ വിശദമായ ചർച്ചകൾ നടത്തി ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (ബി) | പൂഴി മാഫിയയ്ക്ക് സംരക്ഷണം നൽകുന്ന തരത്തിൽ റവന്യൂ, പോലീസ്, ഹാർബർ ഉദ്യോഗസ്ഥന്മാർ പ്രവർത്തിക്കുന്ന കാര്യവും വ്യാജ പാസ്സുണ്ടാക്കിയും ജെ.സി.ബി. ഉൾപ്പെടെയുള്ള വാഹനങ്ങൾ ഉപയോഗിച്ചും കരമണ്ണ് ഉൾപ്പെടെ രാത്രിയുടെ മറവിൽ ആവശ്യക്കാർക്ക് എത്തിക്കുന്ന തരത്തിലുള്ള മാഫിയ പ്രവർത്തനം നിയന്ത്രിക്കുമോ; വ്യക്തമാക്കാമോ? | (ബി) | നിലവിലെ നിയമത്തിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ അനുസരിച്ച് മണൽ മാഫിയ പ്രവർത്തനങ്ങൾ നിയന്ത്രിച്ച് വരുന്നുണ്ട്. ഇതിനായി റവന്യൂ - പോലീസ് ഉദ്യോഗസ്ഥർ സംയുക്തമായി പ്രവർത്തിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ